# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 117 — 28.01.2019-ൽ മറുപടിക്ക്

## ശബരിമല യുവതീപ്രവേശവുമായി ബന്ധപ്പെട്ട സംഘർഷങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റോജി എം. ജോൺ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ശബരിമല ആചാരലംഘനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുണ്ടായ സംഘർഷത്തിന് കാരണം വിശ്വാസികളെ വിശ്വാസത്തിലെടുക്കാതെ ആക്ടിവിസ്റ്റുകൾക്കുവേണ്ടി സർക്കാർ നിലനിന്നതുകൊണ്ടാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശബരിമല സ്ത്രീപ്രവേശവുമായി ബന്ധപ്പെട്ടുണ്ടായ സുപ്രീംകോടതിവിധി നടപ്പാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ കൈക്കൊണ്ടത്. |
| (ബി) പന്തളത്ത് സി.പി.എം. പ്രവർത്തകർ കല്ലെറിഞ്ഞ് കൊലപ്പെടുത്തിയ ചന്ദ്രൻ ഉണ്ണിത്താന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ട് വരുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ മരണകാരണം ഹൃദയസ്തംഭനം മൂലമാണെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ; | (ബി) ചന്ദ്രൻ ഉണ്ണിത്താന്റെ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചിരുന്ന തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിലെ ചികിത്സ രേഖകൾ പ്രകാരം മരണം സംഭവിച്ചത് ഹൃദയസ്തംഭനംമൂലമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |

(സി)പ്രസ്തുത ആക്രമണത്തിൽ സി.പി.എം., ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കെതിരെ കേസെടുത്ത പോലീസ് ഉദ്യോഗസ്ഥരുടെ നടപടിയെ സി.പി.എം. സംസ്ഥാന സെക്രട്ടറി വിമർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് നിയമവ്യവസ്ഥയോടുള്ള വെല്ലുവിളിയായി കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) നിയമവ്യവസ്ഥയെ വെല്ലുവിളിച്ച് കൊണ്ടുള്ള പരാമർശങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ